(19) മൂന്നാർ സ്റ്റേഷനിൽ നിന്നുള്ള ബസ് സർവ്വീസുകൾ

ശ്രീ. ജി. വരദൻ : സാർ, മൂന്നാറിൽ കെ. എസ്. ആർ. ടി. സി-യുടെ ഒരു ഡിപ്പോ ഉണ്ടല്ലോ. അവിടെ മൊത്തം 5 ബസ്സുകൾ ഉണ്ടെന്നാണ് അറിയുന്നത്. അവയിൽ ഒന്നുപോലും ഇപ്പോൾ ഓടുന്നില്ല. സർ സി.പി. രാമസ്വാമി അയ്യർ കാലത്ത് 8 ബസ്സുകൾ ഓടിക്കൊണ്ടിരുന്നതാണ്. എന്നാൽ ഇപ്പോൾ ഒന്നുപോലും ഓടുന്നില്ല. അതുമാത്രമല്ല തമിഴ്നാട് അരശു മൂന്നാറിലേക്ക് പാണ്ടിയൻ 5 ബസ്സുകൾ വിടുന്നുണ്ട്, ചേരൻ 5 ബസ്സുകൾ വിടുന്നുണ്ട്, പല്ലവൻ 5 ബസ്സുകൾ വിടുന്നുണ്ട്. എന്നാൽ കെ. എസ്. ആർ. ടി. സി. ഒരു ബസ്സുപോലും തമിഴ്നാട്ടിലേക്ക് മൂന്നാറിൽനിന്നു വിടുന്നില്ല. ആയതിനാൽ അമൈച്ചർ അവർകൾ ദയവു ചെയ്ത് അവിടുള്ള ജനങ്ങൾക്ക് പോകുവാനുള്ള സൗകര്യം ചെയ്തുകൊടുക്കണമെന്നു കേട്ടുകൊള്ളുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സർ, മൂന്നാർ ഒരു ടൂറിസ്റ്റ് കേന്ദ്രവും തോട്ടം തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന പ്രദേശവുമാണ്. തമിഴ്നാട്ടിൽ നിന്ന് വരുന്ന ജോലിക്കാരുമുണ്ട്. ഇപ്പോൾ മൂന്നാറിലെ ബസ്സുകളെല്ലാം ഓടിക്കാനുള്ള ശ്രമത്തിലാണ്. അതുപോലെതന്നെ പുതിയ ഇൻറർസ്റ്റേറ്റ് എഗ്രിമെൻറ് ഉണ്ടാകുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച സ്ഥലങ്ങളിലൊക്കെ ബസ്സുകൾ ഓടിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ കെ. എസ്. ആർ. ടി. സി. യുടെ പക്കലുണ്ട്. ഇൻറർസ്റ്റേറ്റ് എഗ്രിമെൻറ് ഉണ്ടാകുമ്പോൾ ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കണ്ടെത്താൻ കഴിയും. മൂന്നാറിൻറെ കൺട്രോളിങ്ങ് ചാർജ് കോതമംഗലമാണ്. പക്ഷെ ചില ബുദ്ധിമുട്ടുകളുള്ളതിന് എന്തുചെയ്യാൻ കഴിയുമെന്നതിനെ സംബന്ധിച്ച് ഈ നവംബർ 1-ാം തീയതി ഒരു ഉന്നതതല കോൺഫറൻസ് നടന്നിരുന്നു. അതിനെ തുടർന്ന് ചില നടപടികളും ഉണ്ടാകും.

(20) കാക്കാമൂല പാലത്തിൻറെ അപ്രോച്ച് റോഡിൻറെ നിർമ്മാണം

ശ്രീ. എൻ. ശക്തൻ നാടാർ : സർ, എൻറെ നിയോജകമണ്ഡലത്തിൽ കാക്കാമൂല പാലത്തിൻറെ പണി പൂർത്തിയായിട്ട് ഇപ്പോൾ 3 വർഷംകഴിഞ്ഞു. അപ്രോച്ച് റോഡിൻറെ പണി നടക്കാത്തതുകൊണ്ട് ആ പാലം ഉപയോഗിക്കുന്നതിനു കഴിയുന്നില്ല. കരാർ എടുത്ത ആൾ പാലത്തിൻറെ പണിപൂർത്തിയാക്കിയിട്ട് അപ്രോച്ച് റോഡിൻറെ പണി നടത്താതെ പോയതാണ് ഇതിന് കാരണം. അതിനു ശേഷം അപ്രോച്ചു റോഡിൻറെ പണി പൂർത്തിയാക്കുന്നതിന് പല പ്രാവശ്യം ടെൻഡർ വിളിച്ചെങ്കിലും അതെടുക്കുന്നതിന് ആളുണ്ടായിരുന്നില്ല. അതിപ്പോൾ ഒരാൾ ടെൻഡർ കൊടുത്തിട്ടുണ്ട്. അതിനനുവാദം കൊടുക്കണം. വെള്ളായണി കാർഷിക കോളേജുമായി ചേർന്നുവരുന്ന വളരെ പ്രധാനപ്പെട്ടപാലമാണ്. ആയിരക്കണക്കിന് തൊഴിലാളികളും വളരെ ബുദ്ധിമുട്ടായാണ് വിളിച്ചാൽ കേൾക്കാത്ത അക്കരെ ഇപ്പോൾ കടന്നുപോകുന്നത്. ഈ പാലം അടിയന്തിരമായി ഗതാഗതത്തിന് തുറന്നു കൊടുക്കുന്നതിന് അപ്രോച്ച് റോഡിൻറെ പണി പൂർത്തിയാക്കണം. നമ്മുടെ സംസ്ഥാനത്ത് മൊത്തത്തിൽ ഇതുപോലുള്ള പാലങ്ങളുടെ പണി എടുത്തിട്ട്, കരാറുകാർ ലാഭം ഏതാണെന്ന് നോക്കി ലാഭമുള്ള പണി മാത്രം ചെയ്യുകയും ബാക്കി ഇട്ടിട്ട് പോകുകയും, അടുത്തൊരാളെ ഏൽപ്പിക്കാൻ നിയമപരമായി തടസ്സമുണ്ടാകുകയും ചെയ്യുന്നു. അങ്ങനെ മുടങ്ങികിടക്കുന്ന ധാരാളം പാലങ്ങളുടെ പ്രവർത്തനങ്ങളുണ്ട്. ഇതാവസ്സാനിപ്പിക്കുന്നതിനുവേണ്ടി ഇത്തരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പണിയെടുത്താൽ വിട്ടുപോകാതിരിക്കുന്നതിന് നിയമപരമായ നടപടിയെടുക്കണം എന്നുകൂടി ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) : സർ, ഈ അപ്രോച്ച് റോഡിന് 7 ലക്ഷത്തിന് താഴെ വരുന്ന എസ്റ്റിമേറിനാണ് 1984-ൽ തന്നെ അനുമതി നൽകി, 1985-ൽ ടെൻഡർ വിളിച്ചു. 91 %-ന് എബൗവ് ടെണ്ടർ ആണ് കിട്ടിയത്. വീണ്ടും ടെൻഡർ വിളിച്ചു ആരും ടെൻഡറിനുണ്ടായിരുന്നില്ല. അവസാനം 75 %-ൽ ഒരു ക്വട്ടേഷൻ കിട്ടിയിരിക്കുകയാണ്. ഇത് പരിശോധിച്ചുവരികയാണ്. അതിനു അന്തിമ തീരുമാനമായതിനുശേഷം റോഡിന്റെ പണി ആരംഭിക്കും. മറ്റ് നിർദ്ദേശങ്ങളെല്ലാം പരിശോധിക്കാം.

(21) പെരിയാർ ജലസേചന പദ്ധതിയിൽനിന്നും വെള്ളം ലഭിക്കാത്തതുമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട്

ശ്രീ. കെ. മുഹമ്മദാലി : സർ, പെരിയാർവാലി ജലസേചന പദ്ധതി എന്റെ നിയോജകമണ്ഡലമുൾപ്പെടെ എറണാകുളം ജില്ലയിലെ ഭൂരിഭാഗം വരുന്ന കർഷകരുടെ ആശാകേന്ദ്രമാണ്. ഈ പദ്ധതി വളരെ വർഷങ്ങളായി ആരംഭിച്ചിട്ടും ഇന്നും ഈ പദ്ധതിയുടെ ഭാഗമായി ഉണ്ടാക്കിയിട്ടുള്ള കനാലിൽകൂടി വെള്ളം ലഭിക്കാത്തതുമൂലവും, ഈ പ്രദേശത്തെ പെരിയാർവാലി ആയക്കട്ട് മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളതുകൊണ്ടും ആ ഭാഗത്ത് മറ്റ് ഇറിഗേഷൻ പദ്ധതികളുടെ പ്രയോജനം കർഷകർക്ക് ഉപയോഗപ്പെടുത്താൻ പറ്റാത്തതുമൂലവും വളരെയേറെ ഗുരുതരമായ സ്ഥിതിവിശേഷത്തിലാണ് കർഷകർ. ഇടമലയാർ പദ്ധതി തന്നെ ഈ കനാലിൽ വെള്ളം ലഭിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇന്ന് പെരിയാർവാലി കനാലിൽ നിന്നുള്ള വെള്ളം അമ്പലമേട് വ്യവസായമേഖലയുൾപ്പെടെയുള്ള ഭാഗങ്ങളിൽ കൃഷിക്കാവശ്യത്തിനല്ലാതെ ഉപയോഗിക്കുന്നതുമൂലം കൃഷിക്കാർക്ക് വെള്ളം ലഭിക്കാതെ വന്നിരിക്കുകയാണ്. കനാലുകൾ പണിതിട്ടും ആ കനാലിലൂടെ വെള്ളം വരാത്തതുകൊണ്ട് അവിടെ മറ്റു ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കാനുള്ള സാഹചര്യമുണ്ടായിട്ടുള്ള ഈ ഗുരുതരമായ സ്ഥിതിവിശേഷത്തിന് പരിഹാരമുണ്ടാക്കുവാൻ ഈ പദ്ധതിയിലൂടെ അവിടെയുള്ള കർഷകർക്ക് അടയന്തിരമായി വെള്ളം ലഭിക്കുവാൻ ജലസേചന വകുപ്പു മന്ത്രി അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) സർ, ഇപ്പോൾ ലോ ലെവൽ കനാലിൽ കൂടി വെള്ളം കൊടുക്കുന്നതിന് പരിമിതിയുണ്ട്. ഇത് പൂർണ്ണമായി പരിഹരിക്കണമെങ്കിൽ ഈ പെരിയാർവാലിയിലെ ഹയർ ലെവൽ കനാൽ പൂർത്തീകരിക്കണം. ഹയർ ലെവൽ കനാൽ ഉടനെ പൂർത്തീകരിക്കണമെങ്കിൽ ഭൂതത്താൻകെട്ടിലെ ജലസംഭരണി പൂർത്തീകരിക്കണം. ജല സംഭരണി പൂർത്തിയാക്കുന്നതിന് വേണ്ടിയുള്ള നടപടികൾക്ക് തടസ്സം വന്നത്, ഹൈക്കോടതിയിൽ അക്വിസിഷൻ പ്രൊസീഡിംഗ്സിനെ സംബന്ധിച്ചുള്ള കേസ് സായിരുന്നു. അതിപ്പോൾ നീങ്ങിയിട്ടുണ്ട്. ഇപ്പോൾ പണികളെല്ലാം ആരംഭിക്കുകയാണ്. ഇപ്പോൾ ഈ സംഭരണിയിൽ നമുക്ക് കുറെയൊക്കെ വെള്ളം നിർത്താൻ കഴിഞ്ഞിട്ടുണ്ട്. സംഭരണിയുടെ പണിയുടനെ തന്നെ പൂർത്തിയാകും. അത് പൂർത്തിയാകുന്നതോടുകൂടി ഈ പ്രശ്നങ്ങൾക്കൊക്കെ പരിഹാരമുണ്ടാകും. ആലുവായിലെ പ്രശ്നങ്ങൾക്കൊക്കെ പരിഹാരമുണ്ടാകുമെന്നുള്ളത് തീർച്ചയാണ്.

LIBRARY ARCHIVES Kerala Legislative Assembly